# അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക്

"കേരള നിയമസഭയുടെയും കേരള സർക്കാരിന്റെ പാർലമെന്ററികാര്യ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിലുള്ള അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്കിന്റെ പ്രവർത്തനോദ്ഘാടനം 2012 ജനുവരി 19 - ന് രാവിലെ 11.00 മണിയ്ക്ക് നിയമസഭാ കോംപ്ലക്സിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിച്ചു. പ്രസ്തുത ചടങ്ങിൽ ബഹു. നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ അദ്ധ്യക്ഷം വഹിച്ചു. യോഗത്തിൽ ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ, ബഹു. ഉറപ്പുകൾ സംബന്ധിച്ച സമിതി ചെയർമാൻ ശ്രീ. വി. എസ്. സുനിൽകുമാർ, എം.എൽ.എ., സമിതിയുടെ മുൻ ചെയർമാൻ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി എന്നിവർ ആശംസാ പ്രസംഗവും നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ ഡോ. സന്താനരാമൻ പദ്ധതി വിശദീകരണവും നടത്തി. പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ സ്വാഗതവും നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ശ്രീ; പി. കെ. മുരളീധരൻ കൃതജ്ഞതയും പറഞ്ഞു."